# പതിമൂന്നാം കേരള നിയമസഭ
## ആറാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.509 — 11.12.2012 ൽ മറുപടിയ്ക്ക്

## <u>ബീക്കൺ ലൈറ്റുകൾ</u>

| ചോദ്യം<br>ശ്രീ. സി. മമ്മൂട്ടി | | ഉത്തരം<br>ശ്രീ. ആര്യാടൻ മുഹമ്മദ്<br>ഊർജ്ജവും ഗതാഗതവും വകുപ്പ് മന്ത്രി |
|---|---|---|
| (എ) സർക്കാർ വാഹനങ്ങൾക്കു മുകളിൽ ചുവപ്പ്, നീല എന്നീ നിറങ്ങളിലെ ലൈറ്റുകൾ വയ്ക്കുന്നതിന്റെ മാനദണ്ഡം വിശദമാക്കുമോ ; | (എ) | 1989ലെ കേന്ദ്ര മോട്ടോർ വാഹന ചട്ടങ്ങളിലെ ചട്ടം 108 (1) (iii) പ്രകാരം കേന്ദ്ര സർക്കാരോ, സംസ്ഥാന സർക്കാരോ കാലാകാലങ്ങളിൽ നിർണ്ണയിച്ചിട്ടുള്ള ഉന്നത സ്ഥാനീയർക്ക് ചുവന്ന നിറത്തിലുള്ള ടോപ്പ് ലൈറ്റ് ഉപയോഗിക്കാവുന്നതാണ്. 1989ലെ കേന്ദ്ര മോട്ടോർ വാഹന ചട്ടം 108(2) പ്രകാരം നീല ടോപ്പ് ലൈറ്റ് ഉപയോഗിക്കാവുന്ന ഉന്നതസ്ഥാനീയരെ നിർണ്ണയിക്കാവുന്നതും നോട്ടിഫൈ ചെയ്യാവുന്നതുമാണ്. മേൽ പറഞ്ഞ ചട്ടങ്ങളുടെ അടിസ്ഥാനത്തിൽ, സർക്കാർ നിലവിലുണ്ടായിരുന്ന ഉത്തരവുകൾ പരിഷ്കരിച്ചുകൊണ്ട് 14/11/2012 ൽ ജി.ഒ.(പി) നമ്പർ 67/2012/ട്രാൻ., 06/12/2012 ൽ ജി.ഒ.(പി) നമ്പർ 84/12/ട്രാൻ. എന്നീ ഉത്തരവുകൾ പുറപ്പെടുവിച്ചിട്ടുണ്ട്. |
| (ബി) ഏറ്റവും ഒടുവിൽ അത്തരത്തിൽ ലൈറ്റുവയ്ക്കാൻ അനുമതി നൽകിയതെന്നാണ്; ആർക്കൊക്കെയാണ് അനുമതി നല്കിയത്; | (ബി) | 14/11/2012 ലെ ജി.ഒ.(പി) നമ്പർ 67/2012/ട്രാൻ., 06/12/2012 ലെ ജി.ഒ.(പി) നമ്പർ 84/12/ഗതാ. എന്നീ ഉത്തരവുകൾ പ്രകാരമാണ് അവസാനമായി അനുമതി നൽകിയത്. മേൽ ഉത്തരവുകളുടെ പകർപ്പുകൾ യഥാക്രമം അനുബന്ധം 1ഉം അനുബന്ധം 2 ഉം ആയി ചേർത്തിട്ടുണ്ട്. |
| (സി) ഇത്തരം ലൈറ്റ് വച്ച വാഹനങ്ങൾക്ക് റോഡ് ഗതാഗതനിയമങ്ങൾ ലംഘിക്കാൻ അവകാശം അവകാശം നല്കിയിട്ടുണ്ടോ ; ഇല്ലെങ്കിൽ അത്തരം ലൈറ്റ് വച്ച വാഹനങ്ങൾക്ക് റോഡിൽ പ്രത്യകമായ എന്തു പരിഗണനയാണ് ഉദ്ദേശിക്കുന്നതെന്നു വ്യക്തമാക്കുമോ; | (സി) | ഇല്ല. ഇത്തരത്തിൽ ടോപ്പ് ലൈറ്റ് ഘടിപ്പിച്ച വാഹനങ്ങൾക്ക് മോട്ടോർ വാഹന നിയമങ്ങളോ, ചട്ടങ്ങളോ പ്രകാരം യാതൊരു അധിക പരിഗണനയും നല്കിയിട്ടില്ല. |

| | | |
|---|---|---|
| (ഡി) സ്വകാര്യ വാഹനങ്ങൾ നിയമം ലംഘിച്ചുകൊണ്ട് ചുവപ്പ് ലൈറ്റും, സർക്കാരിന്റേതെന്നു തോന്നിപ്പിക്കുന്ന തരത്തിലുള്ള ബോർഡും പ്രദർശിപ്പിച്ച് ഓടിക്കുന്നതിനെതിരെ നടപടി സ്വീകരിച്ചിട്ടുണ്ടോ ; എങ്കിൽ എത്ര വാഹന ഉടമകളുടെ പേരിൽ നടപടി സ്വീകരിച്ചിട്ടുണ്ട് ;വ്യക്തമാക്കുമോ? | (ഡി) | നടപടി സ്വീകരിച്ചിട്ടുണ്ട്. വിശദാംശങ്ങൾ ശേഖരിച്ച് നൽകുന്നതാണ്. |

സെക്ഷൻ ഓഫീസർ.

**അനുബന്ധം ലൈബ്രറിയിൽ ലഭ്യമാണ്**